ജെട്ടികൾക്കുപകരം പുതിയ ജെട്ടികൾ നിർമ്മിക്കുന്നതിനുള്ള നടപടി നടന്നു വരുന്നു. കൊല്ലം, വൈക്കം സ്റ്റേഷനാഫീസുകൾ പുനർനിർമ്മിക്കുകയും പാണാവള്ളി, മുഹമ്മ സ്റ്റേഷൻ ഓഫീസുകളുടെ നിർമ്മാണം ആരംഭിക്കുകയും ചെയ്തു.

(സി) നിലവിൽ കൊല്ലം-ആലപ്പുഴ റൂട്ടിൽ രണ്ട് വിനോദസഞ്ചാര ബോട്ടുകളാണ് സർവ്വീസ് നടത്തുന്നത്. കൂടാതെ കുട്ടനാടിന്റെ ഭംഗി ആസ്വദിക്കുന്ന തരത്തിൽ 'സീ- കുട്ടനാട്' എന്ന പേരിൽ ഒരു പാസഞ്ചർ-കം-ടൂറിസ്റ്റ് സർവ്വീസ് നടത്തുന്നതിനുള്ള ബോട്ടുകളുടെ നിർമ്മാണം നടന്നുവരുന്നു.

കെ.എസ്.ആർ.ടി.സി.-യുടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടികൾ

148 (598) ശ്രീ. എൻ. ശക്തൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. എ. എ. ഷുക്കൂർ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്. ആർ. ടി. സി. യുടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) ഇതിനായി വിവിധ ട്രാൻസ്പോർട്ട് ബസ് സ്റ്റാന്റുകളെ അന്താരാഷ്ട്ര നിലവാരത്തിലുള്ള ബസ് ടെർമിനൽ-കം-ഷോപ്പിംഗ് കോപ്ലക്സുകളായി മാറ്റുന്നതിന്റെ ആദ്യഘട്ടമായി ഏതൊക്കെ ബസ്സ്റ്റേഷനുകളുടെ നവീകരണ പ്രവർത്തനങ്ങളാണ് നടത്തിവരുന്നത് ;

(സി) ഏതൊക്കെ ബസ്ടെർമിനലുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കിക്കഴിഞ്ഞു എന്ന് വെളിപ്പെടുത്തുമോ ;

(ഡി) ബസ് ടെർമിനലുകളുടെ പണിയുടെ ഒന്നാം ഘട്ട പ്രവർത്തനങ്ങൾ സമയ ബന്ധിതമായി പൂർത്തിയാക്കാൻ കഴിയാത്തതിനുള്ള കാരണങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കുമോ ;

(ഇ) ഈ പദ്ധതിയനുസരിച്ച് രണ്ടാംഘട്ട പ്രവർത്തനങ്ങളുടെ നിർമ്മാണം എന്നത്തേക്ക് പൂർത്തികരിക്കുമെന്നാണ് കരുതുന്നത് ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.-യുടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വാണിജ്യ പ്രാധാന്യമുള്ള ബസ്സ്റ്റേഷനുകളിൽ ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിച്ചുവരുന്നു. ഒന്നാംഘട്ടമായി 30 ബസ് സ്റ്റേഷനുകളിലും അനന്തരം രണ്ടാം ഘട്ടമായി 29 ബസ്സ്റ്റേഷനുകളിലും ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിച്ച് പ്രവർത്തിപ്പിക്കുന്നതിനാണ് വിഭാവനം ചെയ്തിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഒന്നാംഘട്ടമായി 30 ബസ്സ് സ്റ്റേഷനുകളിൽ, അങ്കമാലി, കോഴിക്കോട്, തിരുവനന്തപുരം സെൻട്രൽ (തമ്പാനൂർ), പേരൂർക്കട, സ്റ്റാഫ് ട്രെയിനിംഗ് സെന്റർ (ഫോർട്ട്, തിരുവനന്തപുരം), മലപ്പുറം, തിരുവല്ല, കരുനാഗപ്പള്ളി എന്നീ ബസ്സ് സ്റ്റേഷനുകളിലെ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം ബി.ഒ.റ്റി. അടിസ്ഥാനത്തിൽ, കേരള ട്രാൻസ്പോർട്ട് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ (കെ.റ്റി.ഡി.എഫ്.സി.) മുഖാന്തിരം ചെയ്യുന്നതിന് ഉത്തരവായിട്ടുണ്ട്. ആയതിനാൽ അങ്കമാലി ഷോപ്പിംഗ് കോംപ്ലക്സിന്റെ പണികൾ പൂർത്തീകരിച്ച് 2011 ജനുവരി 19-ന് ഉദ്ഘാടനം ചെയ്തു. കോഴിക്കോട്, തിരുവല്ല, തിരുവനന്തപരം സെൻട്രൽ (തമ്പാനൂർ) എന്നിവിടങ്ങളിൽ പണി ആരംഭിച്ച് പുരോഗതിയിലാണ്. കെ.എസ്.ആർ.ടി.സി. നേരിട്ട് ചെയ്യുന്നവയിൽ കൊട്ടാരക്കര മേയ് 2010-ൽ ഉദ്ഘാടനം ചെയ്തു. കാസർഗോഡ് 2011 ജനുവരി 14-ൽ ഉദ്ഘാടനം ചെയ്യപ്പെട്ടു. കാട്ടാക്കടയിൽ പണി പുരോഗമിച്ചുവരുന്നു.

(സി) കെ.എസ്.ആർ.ടി.സി. നേരിട്ട് നിർമ്മിച്ച ഷോപ്പിംഗ് കോംപ്ലക്സുകളിൽ കൊട്ടാരക്കരയുടേയും കാസർഗോഡിന്റേയും നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. കണ്ണൂർ ഷോപ്പിംഗ് കോംപ്ലക്സിന്റെ ഒന്നാം നിലയുടെ പണി പൂർത്തിയായി. കൂടാതെ ബി.ഒ.റ്റി. അടിസ്ഥാനത്തിൽ നിർമ്മിച്ച അങ്കമാലി ഉദ്ഘാടനം ചെയ്തുകഴിഞ്ഞു.

(ഡി) ഈ പ്രോജക്ടുകൾ കെ.എസ്.ആർ.ടി.സി.-യിൽ തയ്യാറാക്കുന്നതിനും അതിനുള്ള കണക്കുകൾ ശരിയാക്കുന്നതിനും പ്രോജക്ട് നടപ്പാക്കാനുദ്ദേശിക്കുന്ന ഭൂമിയുടെ മൊത്തത്തിലുള്ള സർവ്വേ, മണ്ണ് പരിശോധന, ആർക്കിടെക്ടിനെ നിശ്ചയിക്കൽ, പ്രോജക്ടിന്റെ പ്രാഥമിക രൂപകല്പന, കൂടുതൽ ചർച്ചകൾക്കുശേഷമുള്ള അന്തിമ രൂപകല്പന, വിവിധ വകുപ്പുകളിൽനിന്നുള്ള അംഗീകാരം തേടൽ, ദർഘാസ് വിളിക്കൽ തുടങ്ങി വിവിധ നടപടികൾ ഇത്തരം കാര്യങ്ങൾ നടപ്പാക്കുമ്പോൾ ചെയ്യേണ്ടതുണ്ട്. കൂടുതൽ സാങ്കേതിക വിദഗ്ദ്ധരെ നിയമിച്ച് പ്രവർത്തികൾ ത്വരിതപ്പെടുത്താനുള്ള തീരുമാനം പരിഗണനയിലാണ്.

(ഇ) ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ എല്ലാ സ്ഥലത്തും പൂർത്തീകരിക്കുവാൻ കഴിഞ്ഞിട്ടില്ല. പൂർത്തീകരണം തീരുന്ന മുറയ്ക്ക് രണ്ടാംഘട്ട പ്രവർത്തനങ്ങൾ തുടങ്ങി എത്രയും വേഗം പൂർത്തീകരിക്കുന്നതാണ്.

കെ.എസ്.ആർ.ടി.സി. ആധുനികവൽക്കരണത്തിന്റെ ഭാഗമായി നടപ്പിലാക്കിവരുന്ന പുതിയ സംവിധാനങ്ങൾ

149 (599) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. ടി. എൻ പ്രതാപൻ :
ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly